# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
## കേരള സംസ്ഥാനകമ്മിറ്റി

തിരുവനന്തപുരം
14.05.2015

***പ്രസിദ്ധീകരണത്തിന്***

***2015 മെയ് 12, 13 തീയതികളിൽ എ.കെ.ജി സെന്ററിൽ പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സി.പി.ഐ (എം) സംസ്ഥാനകമ്മിറ്റി അംഗീകരിച്ച പ്രമേയം***

## രാഷ്ട്രീയ സ്ഥിതിഗതികൾ

കേരളത്തിലെ യു.ഡി.എഫ് സർക്കാരിന്റെ ഭരണം നാലുവർഷം പൂർത്തിയാവുകയാണ്. യു.ഡി.എഫിനകത്തുള്ള തർക്കങ്ങൾ പരിഹരിക്കാൻ തന്നെ ഏറെ സമയം നീക്കിവെക്കേണ്ട സ്ഥിതിയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. അതിനാൽ തന്നെ കേരളത്തിലെ ഭരണസംവിധാനം ഫലപ്രദമായി ചലിപ്പിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഇത്തരം തർക്കങ്ങൾ ഉപയോഗിച്ച് പരമാവധി വിലപേശി കൂടുതൽ സ്ഥാനമാനങ്ങൾ നേടുന്നതിനും കൈക്കൂലി കഴിയാവുന്നത്ര വാങ്ങി കൂട്ടുന്നതിനുമാണ് യു.ഡി.എഫിലെ പല കക്ഷികളും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ അരാജകത്വരീതി സംസ്ഥാനത്തെ ഫലത്തിൽ ഭരണമില്ലാത്ത അവസ്ഥയിലേക്ക് എത്തിച്ചിരിക്കുകയാണ്.

സർക്കാരിന്റെ ഇത്തരം തെറ്റായ സമീപനങ്ങൾക്കെതിരെ വലിയ പ്രതിഷേധം ജനങ്ങൾക്കിടയിൽ രൂപപ്പെട്ട് വന്നിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് അരുവിക്കര നിയമസഭാ മണ്ഡലത്തിലേക്കുള്ള തെരഞ്ഞെടുപ്പും തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്കും തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്നു. കേരളത്തിന്റെ രാഷ്ട്രീയരംഗത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായവ കൂടിയായിരിക്കും ഈ തെരഞ്ഞെടുപ്പുകൾ. എൽ.ഡി.എഫിന്റെ ബഹുജന അടിത്തറ ശക്തിപ്പെടുത്തികൊണ്ട് ഈ പോരാട്ടങ്ങളിൽ സജീവമായി പങ്കെടുക്കാൻ പാർടി ഘടകങ്ങളും വർഗ-ബഹുജന സംഘടനകളും സജ്ജമാണ്.

കേന്ദ്രത്തിൽ മോഡി സർക്കാർ അധികാരത്തിലെത്തി 11 മാസം തികയുകയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ബി.ജെ.പിക്ക് അനുകൂലമായി ഉണ്ടായിരുന്ന സ്ഥിതിവിശേഷം അതേപോലെ ഇന്ന് നിലനിൽക്കുന്നില്ല. എന്നാൽ കേന്ദ്രത്തിലുള്ള അധികാരം ഉപയോഗിച്ചും ആർ.എസ്.എസിന്റെ സംഘടനാ ശേഷി ഉപയോഗിച്ചും തങ്ങളുടെ സ്വാധീനം വിപുലീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ബി.ജെ.പി നടത്തുന്നുണ്ട്. ജാതി സംഘടനകളിൽ ഇടപെട്ടും ന്യൂനപക്ഷത്തിനെതിരായ പ്രചരണങ്ങൾ സംഘടിപ്പിച്ചും വർഗീയ ധ്രുവീകരണം സൃഷ്ടിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം പ്രവർത്തനങ്ങൾ കേരളത്തിന്റെ നവോത്ഥാനപരമായ പാരമ്പര്യത്തിന് പോറലേൽപിക്കുന്നുണ്ട് എന്നതും നാം ജാഗ്രതയോടെ കാണേണ്ടതാണ്. ഇന്നേവരെ നിയമസഭയിലോ പാർലമെന്റിലോ കേരളത്തിൽനിന്ന് സീറ്റ് ബി.ജെ.പിക്ക് ലഭിച്ചിട്ടില്ല. ഇത് നേടുക എന്ന ലക്ഷ്യത്തോടെയുള്ള പ്രചരണങ്ങളിൽ അവർ കേന്ദ്രീകരിച്ചിരിക്കുകയാണ്.

**II**

**മോഡി സർക്കാരിന്റെ പ്രവർത്തനം**

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് ഘട്ടത്തിൽ പാർടി മുന്നോട്ട് വെച്ച കാര്യം കോൺഗ്രസിന്റെ അതേ സാമ്പത്തികനയങ്ങൾ തീവ്രമായി തന്നെ ബി.ജെ.പി പിന്തുടരും എന്നാണ്. ഇത് അടിവരയിടുന്ന വിധത്തിലാണ് മോഡി സർക്കാരിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. ഉദാരവൽക്കരണനയങ്ങൾ ശക്തമായി നടപ്പിലാക്കുന്നതിനാണ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ ഓരോ നയങ്ങളും ഈ വസ്തുത പുറത്ത് കൊണ്ടുവരുന്നുണ്ട്. പെട്രോളിയം ഉൽപന്നങ്ങളുടെ വില നിയന്ത്രണമാണ് രണ്ടാം യു.പി.എ സർക്കാർ എടുത്ത് മാറ്റിയതെങ്കിൽ ഡീസലിന്റെ വില നിയന്ത്രണവും ബി.ജെ.പി സർക്കാർ ഉപേക്ഷിച്ചു. അന്താരാഷ്ട്ര മാർക്കറ്റിലെ വില നിലവാരം നോക്കിയാൽ 35 രൂപയോളം വിലയ്ക്ക് പെട്രോൾ ഇവിടെ നൽകാൻ കഴിയുമായിരുന്നിട്ടും ഒരു ലിറ്ററിന് 70 രൂപ വരെ വില നിശ്ചയിച്ച് റിലയൻസ് ഉൾപ്പെടെയുള്ള പെട്രോളിയം കമ്പനികളുടെ താൽപര്യങ്ങൾക്കായി ജനങ്ങളെ കൊള്ളയടിക്കുന്നതിന് കൂട്ടുനിൽക്കുകയാണ് ബി.ജെ.പി സർക്കാർ.

കോർപ്പറേറ്റ്വൽക്കരണവും ഹിന്ദുത്വ അജണ്ടയുമാണ് അവർ മുന്നോട്ട് വെക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഓരോ നയങ്ങളും ഇത് വ്യക്തമാക്കുന്നു. കഴിഞ്ഞ കേന്ദ്രബജറ്റിൽ കോർപ്പറേറ്റ്

നികുതി അഞ്ചുശതമാനം കുറച്ചിരിക്കുകയാണ്. ഭൂമിയിൽ നിന്ന് കർഷകരെ ആട്ടിയോടിച്ച് കോർപ്പറേറ്റുകളെ പ്രതിഷ്ഠിക്കുന്നതിനാണ് ഭൂമി ഏറ്റെടുക്കൽ ഓർഡിനൻസ് പുറപ്പെടുവിച്ചത്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുന്ന നടപടികളും ഊർജ്ജിതപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ ബജറ്റിൽ പൊതുമേഖലാ ഓഹരി വിൽപനയിലൂടെ 70,000 കോടി രൂപ സമാഹരിക്കാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചത്. ഇക്കാര്യത്തിലുള്ള സർവകാല റിക്കോർഡായി ഇത് മാറിയിരിക്കുന്നു. റെയിൽവെ, പ്രതിരോധം തുടങ്ങിയ മേഖലകളേയും സ്വകാര്യവൽക്കരിക്കുന്നതിനുള്ള തീവ്രപരിപാടികൾ ആരംഭിച്ചിരിക്കുകയാണ്. ധനകാര്യമേഖലയിൽ ധനമൂലധന ശക്തികൾ കടന്നുവരുന്നതിനുള്ള തടസങ്ങളെല്ലാം നീക്കി എടുക്കാനുള്ള തിരക്കിലാണ് മോഡി സർക്കാർ. ബാങ്ക്, ഇൻഷുറൻസ് മേഖലകളിലെ പ്രത്യക്ഷ വിദേശ നിക്ഷേപ പരിധി തുടർച്ചയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഈ യാഥാർത്ഥ്യം വ്യക്തമാക്കുന്നു. നവമാധ്യമരംഗത്ത് പിടിമുറുക്കുന്നതിനും കോർപ്പറേറ്റ് താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ഉതകുന്ന നിയമനിർമ്മാണങ്ങളിലേക്ക് കേന്ദ്രസർക്കാർ നീങ്ങുകയാണ്.

ഇന്ത്യയുടെ സമ്പന്നമായ കടൽ സമ്പത്ത് വിദേശ കുത്തകകൾക്ക് തീറെഴുതുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ആദിവാസികളുടെ സംരക്ഷണത്തിനായി നിർമ്മിക്കപ്പെട്ട വനാവകാശ നിയമം കോർപ്പറേറ്റുകൾക്കായി പൊളിച്ചെഴുതാൻ ശ്രമിക്കുകയാണ്. തൊഴിൽ നിയമങ്ങൾ തൊഴിലാളി വിരുദ്ധമായി ഭേദഗതി ചെയ്യുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. രാജ്യത്തിന്റെ മോട്ടോർ മേഖലയും കോർപ്പറേറ്റുകൾക്കായി തുറന്ന് കൊടുക്കുന്നതിനുള്ള നിയമനിർമ്മാണങ്ങളും തുടങ്ങി കഴിഞ്ഞു. ഗ്രാമീണ ജനതയെ ജീവിതം മെച്ചപ്പെടുത്താൻ കൊണ്ടുവന്നിട്ടുള്ള തൊഴിലുറപ്പ് പദ്ധതിയെ അട്ടിമറിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ച് കഴിഞ്ഞിരിക്കുന്നു. ആസൂത്രണ കമ്മീഷനെ തന്നെ ഇല്ലാതാക്കി ഫെഡറൽ സംവിധാനത്തെ തകർക്കുന്നതിനുള്ള സംഘപരിവാർ അജണ്ട നടപ്പാക്കുകയാണ്.

## കേന്ദ്ര നയങ്ങൾക്കെതിരായി പ്രക്ഷോഭം ശക്തിപ്പെടുന്നു

ജനദ്രോഹനയങ്ങൾ രാജ്യത്ത് നടപ്പിലാക്കുമ്പോൾ അതിനെതിരായി പ്രതിഷേധം ഉയർന്ന് വരിക സ്വാഭാവികമാണ്. അത്തരം പ്രതിഷേധങ്ങൾ രാജ്യത്താകമാനം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ നിയമത്തിനെതിരായി കർഷകർ രാജ്യത്താകമാനം പ്രക്ഷോഭ രംഗത്ത് ഇറങ്ങിയത് ഇതിന്റെ ഉദാഹരണമാണ്. കടലോരമേഖലയിലെ ജനത നിലനിൽപിനായി വലിയ സമരങ്ങളിലേക്ക് നീങ്ങിയിരിക്കുകയാണ്. മോട്ടോർമേഖലയിലെ കോർപ്പറേറ്റ്വൽക്കരണത്തിനെതിരായി അഖിലേന്ത്യാതലത്തിൽ തന്നെ വിജയകരമായ പണിമുടക്കും നടന്നു കഴിഞ്ഞു. വനാവകാശനിയമം പൊളിച്ചെഴുതുന്നതിനെതിരെ ആദിവാസി വിഭാഗങ്ങളുടെ പ്രക്ഷോഭങ്ങളും രംഗത്ത് എത്തിയിരിക്കുന്നു. തൊഴിൽ നിയമങ്ങൾ തിരുത്തി എഴുതുന്നതിനെതിരായി തൊഴിലാളികളുടെ ചെറുത്തുനിൽപും രാജ്യത്ത് വളർന്നുവന്നുകൊണ്ടിരിക്കുകയാണ്. നവമാധ്യമരംഗം കുത്തകകൾക്ക് ലാഭത്തിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള നീക്കത്തിനെതിരെയും ആ രംഗത്ത് പ്രതിഷേധം വ്യാപകമായി കഴിഞ്ഞു. രാഷ്ട്രീയ ഭിന്നതകളെ മറന്നുകൊണ്ടാണ് ഇത്തരം പ്രക്ഷോഭങ്ങൾ രൂപപ്പെട്ട് വരുന്നത് എന്നത് രാജ്യത്തെ ജനത അനുഭവിക്കുന്ന പ്രയാസങ്ങളുടെ സൂചന കൂടിയാണ്.

## വർഗീയ അജണ്ടകൾ അടിച്ചേൽപിക്കുന്നു

ജനവിരുദ്ധ നയങ്ങൾക്കെതിരെ ഉയർന്നുവരുന്ന പ്രക്ഷോഭത്തെ ദുർബലപ്പെടുത്തുന്നതിന് കൂടിയാണ് വർഗീയ അജണ്ടകൾ മുന്നോട്ട് വയ്ക്കുന്നത്. ആർ.എസ്.എസിന്റെ വർഗീയവൽക്കരണ അജണ്ട ജനങ്ങളെ തമ്മിലടിപ്പിക്കുന്നതിനും അതുവഴി തങ്ങളുടെ രാഷ്ട്രീയ അജണ്ട നടപ്പിലാക്കുന്നതിനും വേണ്ടിയുള്ളതാണ്. ഇന്ത്യയിൽ നിലനിൽക്കുന്ന മതേതര മൂല്യങ്ങളെ ഇല്ലാതാക്കുന്ന ഘർവാപസി, ഗോവധ നിരോധനം, ലൗജിഹാദ് തുടങ്ങിയ മുദ്രാവാക്യങ്ങൾ ഇതിന്റെ ഭാഗമാണ്. മുസ്ലീങ്ങൾക്ക് വോട്ടവകാശം നൽകാൻ പാടില്ലെന്നും അവരിൽ പലരേയും ബംഗ്ലാദേശിലേക്കും മറ്റും ഓടിക്കണമെന്നുമുള്ള വാദങ്ങളും ഉയർത്തിക്കൊണ്ട് രാജ്യത്തിന്റെ മതേതരപാരമ്പര്യങ്ങളെ തകർക്കാൻ ശ്രമിക്കുകയാണ്. ക്രിസ്ത്യൻ ദേവാലയങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങളും ഇത്തരം നീക്കത്തിന്റെ ഭാഗമാണ്. ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ അവകാശങ്ങളെ ഇല്ലാതാക്കുന്ന വിവിധ തരത്തിലുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

വിദ്യാഭ്യാസ മേഖലയെ കാവിവൽക്കരിക്കാനാണ് ബി.ജെ.പി സർക്കാർ ശ്രമിക്കുന്നത്. ഇന്ത്യൻ ചരിത്രഗവേഷണ കൗൺസിലിന്റെ ചെയർമാനായി പ്രൊഫ. സുദർശൻ റാവുവിനെ നിയമിച്ചത് ഇതിന്റെ ഭാഗമായിട്ടായിരുന്നു. ദീനാനാഥ് ബത്രയുടെ നേതൃത്വത്തിലുള്ള 'ശിക്ഷാ സംസ്കൃതി ഉത്ഥാൻ ന്യാസ്' എന്ന ആർ.എസ്.എസ് സംഘടന പാഠപുസ്തകങ്ങൾ പൊളിച്ചെഴുതുന്നതിന് ഒരു കമ്മീഷനെ നിയോഗിച്ചിരിക്കുന്നതും ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ്.

## III

### യു.ഡി.എഫ് സർക്കാർ സമസ്തമേഖലയും തകർക്കുന്നു

രാജ്യം നേടിയ നേട്ടങ്ങളെയെല്ലാം തകർക്കുന്ന വിധം ബി.ജെ.പി സർക്കാർ മുന്നോട്ട് പോകുമ്പോൾ അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ട് പോവാൻ കോൺഗ്രസിന് കഴിയുന്നില്ല. യു.ഡി.എഫ് സർക്കാരാവട്ടെ കേന്ദ്രസർക്കാരിന്റെ ഇത്തരം നയങ്ങളെ കൂടുതൽ തീവ്രമായി നടപ്പിലാക്കുന്നതിന് മുന്നിട്ടിറങ്ങുകയാണ്. കേരള വികസനത്തിന് അടിസ്ഥാനമിട്ട ഭൂപരിഷ്കരണ നിയമങ്ങളെ പോലും അട്ടിമറിക്കുന്നതിനുള്ള ഇടപെടലും ഇതിന്റെ ഭാഗമാണ്. വിവിധ മേഖലകളിൽ കോർപ്പറേറ്റുവൽക്കരണമാണ് യു.ഡി.എഫ് ലക്ഷ്യമിടുന്നത്.

### സാമ്പത്തിക നില തകർച്ചയിൽ

യു.ഡി.എഫ് ഭരണത്തിൻ കീഴിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഗുരുതരാവസ്ഥയിലേക്ക് എത്തിയിരിക്കുന്നു. സർക്കാരിന്റെ കടബാധ്യത വൻതോതിൽ വർദ്ധിച്ചിരിക്കുകയാണ്. യു.ഡി.എഫ് സർക്കാർ അധികാരത്തിൽ എത്തുമ്പോൾ സംസ്ഥാന സർക്കാരിന്റെ ആകെ കടം 78,673.24 കോടി രൂപയാണ്. നാല് വർഷം പിന്നിടുമ്പോഴേക്കും അത് 1,34,850 കോടിരൂപയായി ഉയർന്നിരിക്കുന്നു. ജനങ്ങൾക്ക് മേൽ നാലു വർഷം കൊണ്ട് 8412.48 കോടി രൂപയുടെ പുതിയ നികുതികളും വൈദ്യുതി ചാർജ്ജിനത്തിൽ 3500 കോടി രൂപയുടെ അധികഭാരവും അടിച്ചേൽപിച്ചിട്ടും ക്ഷേമപദ്ധതികൾ ഉൾപ്പെടെ ഇല്ലാതാക്കിയിട്ടുകൂടിയാണ് ഇത്തരം ഒരു സാഹചര്യം ഉണ്ടായത്. നിലനിൽക്കുന്ന നികുതി തന്നെ പിരിച്ചെടുക്കുന്ന കാര്യത്തിലും സർക്കാർ പരാജയമാണ്. വൻകിട നികുതി ദായകർക്ക് സ്റ്റേ അനുവദിച്ചതുകൊണ്ടുള്ള സമീപനവും നികുതി വകുപ്പിനെ കാര്യക്ഷമമായി നയിക്കുന്നതിലുള്ള പരാജയവുമാണ് ഈ സ്ഥിതി വിശേഷം സൃഷ്ടിച്ചിരിക്കുന്നത്.

പദ്ധതി ചെലവുകൾ വെട്ടിച്ചുരുക്കുകയും അതേസമയം പദ്ധതിയിതര ചെലവുകൾ വർദ്ധിക്കുകയും ചെയ്യുക എന്ന ഗൗരവകരമായ അവസ്ഥയും ഉണ്ടായിട്ടുണ്ട്. ഇതിലൂടെ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ മുരടിക്കുകയാണ്. ബജറ്റുകളിൽ പദ്ധതികൾ പലതും പ്രഖ്യാപിക്കപ്പെടുന്നുണ്ടെങ്കിലും അവയെല്ലാം കടലാസിൽ തന്നെ തുടരുന്നു എന്നതാണ് അനുഭവം. അടിസ്ഥാന മേഖലയിലെ വൻകിട പദ്ധതികൾക്ക് നടപ്പ് സാമ്പത്തിക വർഷം(2014–15) 1222.99 കോടി ബജറ്റിൽ വകയിരുത്തിയിരുന്നു. എന്നാലിതിൽ ആകെ ചെലവഴിച്ചത് നിയമസഭയിൽ തന്ന കണക്ക്പ്രകാരം 0% മാത്രം. പദ്ധതി ഇതര ചെലവുകളുടെ കാര്യത്തിൽ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ 15–20 ശതമാനം കൂടുതലാണ് ഈ രംഗത്തെ ചെലവഴിക്കൽ.

കേന്ദ്രാവിഷ്കൃത പദ്ധതികൾ ലാപ്സാക്കുന്ന കാര്യത്തിൽ സർക്കാർ മുൻപന്തിയിലാണ് താനും. 2011–12 ൽ 32 ഇനങ്ങളിലായി 141 കോടി 86 ലക്ഷം രൂപ ലാപ്സാക്കിയിട്ടുണ്ട്. 2012–13 ൽ 96.75 കോടി ചെലവഴിക്കാതെ പോയിട്ടുണ്ട്. 2013–14 ൽ ലാപ്സാക്കിയത് 347.11 കോടിയാണ്. മറ്റ് കേന്ദ്ര പദ്ധതികളിൽ 2013–14 ൽ മാത്രം 547 കോടി രൂപ ലാപ്സാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 2013–14 ൽ 517 കോടി രൂപയാണ് സംസ്ഥാനത്തിന് നഷ്ടമായിട്ടുള്ളത്.

ബജറ്റിൽ പ്രഖ്യാപനങ്ങൾ നടത്തുക, പരസ്യങ്ങളിലൂടെ വൻ പ്രചാരണം നൽകുക, സംസ്ഥാനതല ഉദ്ഘാടനങ്ങൾ നടത്തുക, തറക്കല്ല് ഇടുക, അസംബ്ലിയിൽ ചോദ്യങ്ങൾ ചോദിക്കുമ്പോൾ കൃത്യമായി മറുപടി നൽകാതിരിക്കുക ഇതാണ് ഈ സർക്കാരിന്റെ മുഖമുദ്ര. 4 വർഷം കൊണ്ട് പത്ര–ദൃശ്യമാധ്യമങ്ങളിലൂടെ 110 കോടി രൂപ നടക്കാത്ത പദ്ധതികളുടെ പരസ്യത്തിനായി ചെലവഴിച്ചവരാണിവർ.

### അടിസ്ഥാനമേഖലകളും ദുർബലപ്പെടുന്നു

കേരളത്തിന്റെ കാർഷിക മേഖലയും തകർച്ചയിലേക്ക് നീങ്ങുകയാണ്. റബറിന്റെ വിലയിടിവ് അതീവ രൂക്ഷമായി തന്നെ തുടരുകയാണ്. നെല്ല് സംഭരിക്കുന്നതിലും നേരത്തെ സംഭരിച്ച നെല്ലിന് വില നൽകുന്ന കാര്യത്തിലും സംസ്ഥാന സർക്കാർ കാണിച്ച അലംഭാവം മാപ്പർഹിക്കുന്നതല്ല.

പൊതുമേഖലാ വ്യവസായങ്ങളും തകർച്ചയുടെ നെല്ലിപ്പടി കാണുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ലാഭകരമായി പ്രവർത്തിച്ച സ്ഥാപനങ്ങൾ പലതും നഷ്ടത്തിലായിരിക്കുന്നു. പൊതുമേഖലയെ സംരക്ഷിക്കുന്നതിനും ക്രിയാത്മകമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലും യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. മാത്രമല്ല സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനെന്ന പേരിൽ പൊതുമേഖലാ ഓഹരികൾ വിറ്റുതുലയ്ക്കുക എന്ന നയവും സംസ്ഥാന സർക്കാർ മുന്നോട്ട് വെക്കുകയാണ്.

കേരളത്തിലെ ഏറ്റവും പാവപ്പെട്ട ജനവിഭാഗങ്ങൾ ജോലി ചെയ്യുന്ന പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയിലാണ്. കയർ, കൈത്തറി, കശുവണ്ടി, മത്സ്യം, ചെത്ത്, ഈറ്റ, പനമ്പ്, ഓട് വ്യവസായമേഖലകൾ വിവിധ തരത്തിലുള്ള പ്രതിസന്ധികൾ നേരിടുകയാണ്. പുതിയ നികുതി അടിച്ചേൽപിക്കപ്പെട്ടതോടെ ബീഡി വ്യവസായം കൂടുതൽ തകർച്ചയിലേക്ക് നീങ്ങുകയാണ്. പരമ്പരാഗ

തമേഖലയിൽ ഇതിനെതിരായി ശക്തമായ സമരം ഉയർന്ന് വന്നിട്ടുണ്ട്. കയർ തൊഴിലാളികളുടെ പ്രക്ഷോഭം എടുത്ത് പറയേണ്ടതാണ്. കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ സേവന നികുതിയും സംസ്ഥാന സർക്കാരിന്റെ ലോട്ടറിയെ തകർക്കുന്ന നടപടികളും കേരള ഭാഗ്യക്കുറിയെ ആശ്രയിച്ചു ജീവിക്കുന്ന വികലാംഗർ അടക്കമുള്ള ലോട്ടറി ഏജന്റുമാരെയും തൊഴിലാളികളേയും ദുരിതത്തിലാക്കി.

## ആരോഗ്യ–വിദ്യാഭ്യാസ മേഖല തകരുന്നു

പൊതുവിദ്യാഭ്യാസ മേഖല തകർക്കുന്ന നയവും ശക്തിപ്പെട്ടിരിക്കുന്നു. അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സംസ്ഥാനത്ത് തുടർച്ചയായി അനുമതി നൽകുകയാണ്. പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള പദ്ധതികളെ തകർക്കുക എന്നതും സർക്കാരിന്റെ നയമായിരിക്കുന്നു. എസ്.എസ്.എൽ.സി പരീക്ഷഫലത്തിന്റെ പ്രസിദ്ധീകരണം പോലും തകർത്തിരിക്കുന്നു. സ്റ്റേറ്റ് സിലബസിനെ തകർത്ത് സി.ബി.എസ്.ഇകാർക്ക് സൗകര്യം ഒരുക്കുന്നതിനുള്ള നടപടികളായി ഇത് മാറിയിരിക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗം കുത്തഴിഞ്ഞു കഴിഞ്ഞു. സ്വയംഭരണ കോളേജുകളുടെ രൂപീകരണമാവട്ടെ കേരളം പോലുള്ള സംസ്ഥാനത്ത് മെറിറ്റും സാമൂഹ്യനീതിയും അട്ടിമറിക്കപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുകയാണ്. സർവകലാശാലകൾ അഴിമതിയുടെ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾക്ക് പകരം യൂണിവേഴ്സിറ്റിയുടെ ഭൂമി തന്നെ റിയൽ എസ്റ്റേറ്റുകാർക്ക് മറിച്ച് വിൽക്കാനാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

വിശ്വപ്രസിദ്ധമായ കേരളത്തിന്റെ ആരോഗ്യമേഖലയും തകർച്ചയെ അഭിമുഖീകരിക്കുകയാണ്. ഡോക്ടർമാരും ജീവനക്കാരും ആവശ്യത്തിന് ഇല്ലാത്ത സ്ഥിതി സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. മരുന്ന് കിട്ടാനില്ല. സർക്കാർ ആശുപത്രിയിൽ മരുന്ന് കൃത്യമായി എത്തിക്കുന്നതിന് എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് രൂപീകരിച്ച മെഡിക്കൽ കോർപ്പറേഷന്റെ പ്രവർത്തനവും താളം തെറ്റിയിരിക്കുകയാണ്. ജീവൻ രക്ഷാ ഔഷധങ്ങൾക്ക് ഇന്നേവരെ ഇല്ലാത്ത രീതിയിലുള്ള വിലക്കയറ്റമാണ് ഉണ്ടായിരിക്കുന്നത്.

## അധികാരവികേന്ദ്രീകരണം അട്ടിമറിക്കപ്പെടുന്നു

അധികാരവികേന്ദ്രീകരണത്തെ അട്ടിമറിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പദ്ധതി നടത്തിപ്പ് മുന്നോട്ട് കൊണ്ടുപോകുന്നതിന് തടസം സൃഷ്ടിക്കുന്ന വിധമാണ് സർക്കാർ ഇടപെട്ട് കൊണ്ടിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ വികസനത്തിന്റെ അടിസ്ഥാന യൂണിറ്റ് എന്ന നിലയിൽ ഇത്തരം സ്ഥാപനങ്ങളെ കാണാതെ അവയെ അശാസ്ത്രീയമായി വെട്ടിമുറിക്കുന്നതിനാണ് സംസ്ഥാന സർക്കാർ പരിശ്രമിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട എല്ലാ മാനദണ്ഡങ്ങളേയും തങ്ങളുടെ രാഷ്ട്രീയ താൽപര്യങ്ങൾക്കായി കാറ്റിൽ പറത്തുകയാണ്. ഇതിലൂടെ ജനങ്ങളുടെ ഇച്ഛ അട്ടിമറിക്കുന്നതിന് കഴിയുമോ എന്നാണ് യു.ഡി.എഫ് നോക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിൽ യു.ഡി.എഫിന് കൃത്രിമ വിജയം തട്ടിക്കൂട്ടുന്നതിനാണ് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ എന്നിവ പുനഃസംഘടിപ്പിച്ച് പുതിയ വാർഡ് വിഭജനം നടത്തുന്നത്. യു.ഡി.എഫിന്റെ നിർദ്ദേശത്തിന് വഴങ്ങാത്ത ഉദ്യോഗസ്ഥന്മാരെ വ്യാപകമായി സ്ഥലം മാറ്റുകയുമാണ്.

കേരളത്തിന്റെ വികസനത്തിന് ഏറെ സംഭാവന ചെയ്ത സഹകരണ മേഖലയെ തകർക്കുന്നതിനുള്ള നടപടികളാണ് കേന്ദ്ര–സംസ്ഥാന സർക്കാരുകൾ നടത്തുന്നത്. ഇതുമായി ബന്ധപ്പെട്ട നിയമ ഭേദഗതിയാണ് കേന്ദ്രസർക്കാർ നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാരാവട്ടെ ഈ രംഗത്തെ ജനാധിപത്യപരമായ പ്രവർത്തനത്തെ തകർക്കുന്ന നടപടികളും സ്വീകരിക്കുകയാണ്.

## സാമൂഹ്യസുരക്ഷാ പദ്ധതികൾ ഇല്ലാതാക്കുന്നു

സാമൂഹ്യസുരക്ഷാ പദ്ധതികളും താളം തെറ്റിയിരിക്കുന്നു. ക്ഷേമപെൻഷനുകൾ കുടിശികയായി മാറിയിരിക്കുകയാണ്. പെൻഷനുകളുടെ വർദ്ധനവ് പ്രഖ്യാപിക്കുകയല്ലാതെ അത് പ്രായോഗികമാക്കുന്നതിനുള്ള യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ല. ഈ രംഗത്ത് സർക്കാർ കൊണ്ടുവരുന്ന പല നിബന്ധനകളും ഉള്ള ആനുകൂല്യങ്ങൾ തന്നെ നിഷേധിക്കുന്ന സ്ഥിതി സൃഷ്ടിച്ചിരിക്കുന്നു. റേഷൻ കാർഡ് പുതുക്കലിന്റെ ഭാഗമായി ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ ബി.പി.എൽ ലിസ്റ്റിൽ നിന്ന് പാവപ്പെട്ടവരെ ഒഴിവാക്കാനുള്ളപദ്ധതിയുടെ ഭാഗമാണ്. തൊഴിലുറപ്പ് പദ്ധതിയെ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ശ്രമിക്കുന്നുമില്ല. ആദിവാസി മേഖലയിലെ ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഇടപെടലും സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല. പട്ടികജാതി വിഭാഗങ്ങൾക്കായി നീക്കി വെച്ച തുകയും പാഴാക്കുന്ന സ്ഥിതി ഉണ്ടായിരിക്കുകയാണ്. ബഡ്ജറ്റ് വിഹിതത്തിന്റെ 50 ശതമാനം പോലും പട്ടികജാതി–പട്ടികവർഗ മേഖലയിൽ ചെലവഴിച്ചിട്ടില്ല.

വിലക്കയറ്റം അതിന്റെ എല്ലാ സീമകളേയും ലംഘിച്ച് മുന്നോട്ട് പോകുന്ന സ്ഥിതിവിശേഷം ഉണ്ടായി. വില വർദ്ധിക്കുമ്പോൾ പൊതുമാർക്കറ്റിൽ ഇടപെടേണ്ട സർക്കാർ ഏജൻസികളെല്ലാം തകർക്കപ്പെടുകയോ നിശ്ചലമാക്കപ്പെടുകയോ ചെയ്യുന്ന സ്ഥിതിയാണ് ഉണ്ടായത്. റേഷൻ സംവി ധാനത്തെ താറുമാറാക്കിയിരിക്കുന്നു. കൺസ്യൂമർഫെഡ് പോലുള്ള സർക്കാർ ഏജൻസികളെ ഞെക്കിക്കൊല്ലുന്ന സ്ഥിതിയാണ് ഉള്ളത്. കുടിവെള്ളം, വൈദ്യുതി, ബസ് ചാർജ്ജ്, പാൽ തുട ങ്ങിയവയ്ക്കെല്ലാം വില വർദ്ധിപ്പിക്കുന്ന നടപടി സർക്കാരിന്റെ ഭാഗത്ത് നിന്നും തന്നെ ഉണ്ടാ യിരിക്കുന്നു.

പുതിയ നിയമനങ്ങൾ നടത്തുന്ന കാര്യത്തിലും സർക്കാർ പിന്നോട്ട് പോവുകയാണ്. ശമ്പള കമ്മീഷന്റെ പ്രവർത്തനങ്ങളേയും മുന്നോട്ട് കൊണ്ടുപോകുന്നതിന് ഉതകുന്ന സമീപനം സർക്കാർ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല. പ്രക്ഷോഭങ്ങളുടേയും സമരങ്ങളുടേയും ഭാഗമായി ഉണ്ടാകുന്ന ഉറ പ്പുകൾ നടപ്പിലാക്കുന്ന കാര്യത്തിലും തികഞ്ഞ അലംഭാവമാണ് ഉണ്ടാകുന്നത്.

**ക്രമസമാധാനം തകരുന്നു**

ക്രമസമാധാന രംഗത്ത് ഇന്ത്യയിലെ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമായിരുന്നു കേര ളം. എന്നാൽ ഇന്ന് സ്ഥിതിഗതികൾ മാറിയിരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25 സി.പി.ഐ (എം) പ്രവർത്തകരാണ് കൊല്ലപ്പെട്ടത്. ഇതിൽ 15 പേരെ കൊലപ്പെടുത്തിയത് ആർ. എസ്.എസാണ്. കോൺഗ്രസുകാരുടെ കൊലക്കത്തിക്കിരയായി 5 സഖാക്കളും, ലീഗ്, എസ്.ഡി. പി.ഐ എന്നിവരുടെ ആക്രമണത്തിന്റെ ഫലമായി 5 സഖാക്കളും കൊലചെയ്യപ്പെട്ടിരിക്കുകയാണ്.

കരിനിയമങ്ങൾ വ്യാപകമായി ഉപയോഗിക്കപ്പെടുകയാണ്. യു.എ.പി.എ, കാപ്പ തുടങ്ങിയവ രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ ചാർജ്ജ് ചെയ്യപ്പെടുകയാണ്. ഇതിന്റെ ഫലമായി പാർടി സഖാക്കളെ അനിശ്ചിതകാലത്തേയ്ക്ക് ജയിലിലടയ്ക്കൽ, നാടുകടത്തൽ തുടങ്ങിയ നടപടികൾക്ക് വിധേയമാക്കുന്നു. ഇതിലൂടെ പാർടി സഖാക്കളെ അവരുടെ പ്രവർത്തന മണ്ഡലങ്ങളിൽ നിന്ന് മാറ്റി നിർത്തുക എന്ന അജണ്ടയാണ് നടപ്പിലാക്കുന്നത്. കേസിൽ പ്രതികളാക്കപ്പെടുന്നവർക്ക് ജാമ്യം കിട്ടുന്നതിനായി ലക്ഷക്കണക്കിന് രൂപ കെട്ടിവെക്കേണ്ട സ്ഥിതിയുമാണ് ഉള്ളത്. ജാമ്യ വ്യവസ്ഥയുടെ ഭാഗമായി സ്വന്തം ജില്ലയിൽ താമസിക്കാൻ പാടില്ലെന്നും തങ്ങൾ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ മാത്രമേ താമസിക്കാൻ പാടുള്ളൂ എന്ന നിബന്ധനയും അടിച്ചേൽപിക്കപ്പെടുക യാണ്.

രാഷ്ട്രീയ പ്രതിയോഗികളെ ഇത്തരം കരിനിയമങ്ങൾക്ക് വിധേയമാക്കുമ്പോൾ തങ്ങൾക്ക് താൽപര്യമുള്ളവർ ക്രിമിനലുകളായാലും അവരെ രക്ഷപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിക്കുകയാണ്. നാദാപുരത്ത് സ: ഷിബിൻ വധക്കേസിൽ പ്രതിയായവർക്ക് മൂന്നുമാസം തികയുന്നതിന് മുമ്പേ ജാമ്യം ലഭിച്ചിരിക്കുന്നു. ഇത് ലഭിക്കുന്നതിന് ആവശ്യമായ സഹായമാണ് പ്രോസിക്യൂഷൻ ഭാഗത്ത് നിന്ന് ലഭിച്ചിരിക്കുന്നത്. ഇതിനായി സ്പെഷ്യൽ പ്രോസി ക്യൂട്ടർ നിയമനം വരെ തടഞ്ഞുവെക്കുന്നതിന് മുഖ്യമന്ത്രി തയ്യാറായി. ഭരണമുന്നണിക്കാർക്ക് താൽപര്യമുള്ളവർക്ക് ഒരു നിയമവ്യവസ്ഥയും രാഷ്ട്രീയമായി അഭിപ്രായവ്യത്യാസം ഉള്ളവർക്ക് മറ്റൊന്നും എന്ന നിലയിൽ പൗരാവകാശത്തെ തന്നെ ഇല്ലാതാക്കുന്ന നടപടിയാണ് യു.ഡി.എഫ് സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

സ്ത്രീകൾക്കെതിരായുള്ള ആക്രമണങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്. സ്ത്രീ പീഡനത്തിന്റെ തുടർ സംഭവങ്ങളാണ് അനാവരണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. നിയമസഭ യിൽ പോലും സ്ത്രീകൾ ആക്രമിക്കപ്പെടുന്ന നില ഉണ്ടായി. കഴിഞ്ഞ വർഷത്തേക്കാൾ സ്ത്രീ പീഡനങ്ങളുടെ എണ്ണം 10 ശതമാനത്തോളം വർദ്ധിച്ചു എന്നത് നമ്മുടെ നാട് എങ്ങോട്ട് പോകുന്നു എന്നതിന്റെ സൂചനയാണ്.

**സംസ്ഥാനം അഴിമതിയുടെ കുത്തൊഴുക്കിൽ**

സംസ്ഥാനം ഇന്നേവരെ കണ്ടിട്ടില്ലാത്ത അഴിമതിയുടെ പ്രവാഹമാണ് ഉണ്ടായിക്കൊണ്ടിരിക്കു ന്നത്. ആറ് മന്ത്രിമാർ അഴിമതി കേസിൽ പ്രതിയായിരിക്കുകയാണ്. മറ്റൊരു ആറ് മന്ത്രിമാർ അഴി മതി അന്വേഷണത്തെ നേരിടുകയും ചെയ്യുന്നു. യു.ഡി.എഫ് സർക്കാർ തന്നെ പ്രാഥമിക അന്വേ ഷണം നടത്തി കേസ് ചാർജ്ജ് ചെയ്ത കെ.എം.മാണി മന്ത്രിസ്ഥാനത്ത് തുടരുന്ന അപമാനകര മായ സാഹചര്യവും സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. ഈ കേസിൽ തന്നെ കുറ്റപത്രം സമർപ്പി ക്കാതെ നീട്ടികൊണ്ട് പോകുന്നതിനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. 164–ാം വകുപ്പ് പ്രകാരം നൽകിയ മൊഴിയിൽ കുറ്റക്കാനാണെന്ന് വ്യക്തമാക്കപ്പെട്ട എക്സൈസ് മന്ത്രി കെ. ബാബുവിനെതിരെ കേസെടുത്ത് അതിന്റെ നടപടികൾ മുന്നോട്ട് കൊണ്ട് പോകുന്നതിന് സർക്കാർ തയ്യാറാകുന്നില്ല. ഇതിനായി ഒരു പ്രത്യേക കേസ് ചാർജ്ജ് ചെയ്യുന്നതിനും തയ്യാറാവാത്ത വിചിത്ര മായ സാഹചര്യവും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്.

കെ.എം. മാണിയും കെ. ബാബുവും മന്ത്രിസ്ഥാനം രാജിവെക്കണം എന്നാവശ്യപ്പെട്ടുകൊ ണ്ടുള്ള പ്രക്ഷോഭങ്ങൾ വിവിധ രൂപങ്ങളിൽ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്. എൽ.

ഡി.എഫിന്റെ നേതൃത്വത്തിൽ നടക്കുന്ന അത്തരം പ്രക്ഷോഭങ്ങളെ കൂടുതൽ ശക്തിപ്പെടുത്തേണ്ട തുണ്ട്. ഇത്തരം അഴിമതിക്കെതിരായി ശബ്ദിക്കുന്ന ജനവിഭാഗങ്ങളെ ആകമാനം കൂട്ടിയോജിപ്പിച്ചു കൊണ്ട് വിശാലമായ അഴിമതി വിരുദ്ധ പ്രസ്ഥാനം വളർത്തിയെടുക്കാനും കഴിയേണ്ടതുണ്ട്.

എല്ലാ അഴിമതിക്കാരുടേയും സംരക്ഷകനായി മുഖ്യമന്ത്രി മാറിയിരിക്കുന്നു. അദ്ദേഹത്തിന്റെ തണലിലാണ് ഇത്തരം കൊള്ളരുതായ്മകളെല്ലാം അരങ്ങേറിക്കൊണ്ടിരിക്കുന്നത്. സോളാർ കുംഭ കോണം, കടകംപള്ളി ഭൂമി തട്ടിപ്പ് കേസ്, സ്വർണ്ണ കള്ളക്കടത്ത് കേസ്, വ്യാജ നഴ്സിംഗ് റിക്രൂ ട്ട്മെന്റ് വഴി അഴിമതി നടത്തിയ പ്രശ്നം തുടങ്ങിയ സംസ്ഥാനത്ത് ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാ ണ്. ഇതിൽ പെട്ടവർക്കെല്ലാം രക്ഷാവലയം സൃഷ്ടിക്കുന്നത് മുഖ്യമന്ത്രിയാണ് എന്ന കാര്യവും പുറത്ത് വന്നിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിന്റെ ഉദാഹ രണം കൂടിയാണ് ഇത്.

ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, നിയമനം, പദ്ധതികൾക്ക് അംഗീകാരം കൊടുക്കൽ, എൻ.ഒ.സി കൊടുക്കൽ – ഇവയുടെ പേരിലെല്ലാം കൈക്കൂലി വാങ്ങുന്നു എന്ന ആക്ഷേപം വ്യാപകമാണ് എന്ന കാര്യം കെ.പി.സി.സി പ്രസിഡന്റ് തന്നെ തുറന്നു പറഞ്ഞിരിക്കുകയാണ്. ഇത്തരമൊരു സർക്കാർ അധികാരത്തിൽ തുടരുന്നതു തന്നെ അഴിമതി നടത്തി യു.ഡി.എഫ് നേതാക്കൾക്ക് കുംഭകോണം വഴി ധനസമാഹരണം നടത്തുന്നതിനാണ്.

**അഴിമതി മന്ത്രി ബജറ്റ് അവതരിപ്പിക്കുന്നതിനെതിരെ**

ബജറ്റിനെ ഉൾപ്പെടെ അഴിമതിക്ക് ഉപയോഗപ്പെടുത്തുന്ന ധനമന്ത്രി ബജറ്റ് അവതരിപ്പിക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോഭ പ്രവർത്തനങ്ങൾ എൽ.ഡി.എഫിന്റെ നേതൃത്വത്തിൽ നടക്കുക യുണ്ടായി. ഇക്കാര്യം ഗവർണറുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തു. എന്നാൽ രാഷ്ട്രീയ ധാർമികതയുടെ തരിമ്പുമില്ലാത്ത യു.ഡി.എഫ് സർക്കാർ കെ.എം.മാണിയെ കൊണ്ട് ജനാധിപത്യ വിരുദ്ധമായി ബജറ്റ് അവതരിപ്പിക്കുന്നതിനുള്ള നീക്കങ്ങളാണ് നടത്തിയത്. എന്നാൽ ഒരു നിയമ സഭ ചേരുന്നതിന് ആവശ്യമായ ചട്ടപ്രകാരമുള്ള കാര്യങ്ങളൊന്നും നടത്താതെ തന്നെ ബജറ്റ് അവ തരിപ്പിച്ചതായി പ്രഖ്യാപിക്കുകയാണ് ഉണ്ടായത്. ഇതിൽ പ്രതിഷേധിച്ച എൽ.ഡി.എഫ് അംഗങ്ങളെ വാച്ച് & വാർഡിനെ ഉപയോഗിച്ച് മർദ്ദിക്കുന്നതിനാണ് പരിശ്രമിച്ചത്. ഭരണകക്ഷി അംഗങ്ങളും ഈ ആക്രമണത്തിൽ പങ്കെടുക്കുകയുണ്ടായി. നിയമസഭയ്ക്കകത്ത് വനിതാ എം.എൽ.എമാരോട് ലൈംഗിക ചുവയോടുകൂടി അപമര്യാദയായി പെരുമാറുകയും, ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കു കയും ചെയ്ത സ്ഥിതി ഉണ്ടായിട്ടും അതിനെതിരായി നടപടി എടുക്കുന്നതിനുപോലും സർക്കാർ തയ്യാറായില്ല എന്ന സ്ഥിതി യാണ് ഉണ്ടായിട്ടുള്ളത്. എം.എൽ.എമാരായ വനിതകൾക്ക് നേരെ ആക്ര മണമുണ്ടായാൽ പോലും പരിരക്ഷ നൽകാത്ത സംസ്ഥാനമായി കേരളത്തെ മാറ്റിയിരിക്കുന്നു. നിയ മസഭയ്ക്ക് പുറത്ത് നടന്ന പ്രക്ഷോഭത്തേയും ഭീകരമായി ആക്രമിക്കുന്ന സ്ഥിതിയാണ് ഉണ്ടായത്.

**ജാതി–മത ശക്തികളെ പ്രോത്സാഹിപ്പിക്കുന്നു**

കേരളത്തിന്റെ ഉന്നതമായ നവോത്ഥാന പാരമ്പര്യങ്ങളേയും രാഷ്ട്രീയ കാഴ്ചപ്പാടുകളേയും തകർക്കുന്നതിന് വേണ്ടിയുള്ള ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്തിയിരിക്കുകയാണ്. ജാതി– മത സംഘടനകളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് തങ്ങളുടെ പിന്നിൽ അണിനിരത്തുന്നതിനാണ് യു. ഡി.എഫ് പരിശ്രമിക്കുന്നത്. അതിലൂടെ സർക്കാരിനെതിരായി അലയടിച്ച് ഉയർന്നുകൊണ്ടിരി ക്കുന്ന വികാരത്തെ തടസപ്പെടുത്താനാകുമോ എന്നത് കൂടിയാണ് ഇതിന് പിന്നിലുള്ളത്.

കേരളത്തിന്റെ രാഷ്ട്രീയമായ കാഴ്ചപ്പാടുകളെ ദുർബലപ്പെടുത്തുന്ന തരത്തിൽ ജാതി–മത സംഘടനകളെ ഏകോപിപ്പിച്ച് നിർത്തി മുന്നോട്ട് പോകാൻ യു.ഡി.എഫിന് ഇപ്പോഴും കഴിയുന്നു ണ്ട്. വിവിധ ജാതി–മത സംഘടനകൾക്ക് പലതരം ആനുകൂല്യങ്ങൾ നൽകി അവരുടെ നേതൃ ത്വത്തെ വരുതിയിലാക്കാനുള്ള ശ്രമങ്ങളാണ് തുടരുന്നത്. ഈ കൂട്ടുകെട്ടിലൂടെയാണ് യു.ഡി.എഫ് അതിന്റെ ബഹുജന അടിത്തറ നിലനിർത്താൻ ശ്രമിക്കുന്നത്.

ആർ.എസ്.എസ് തങ്ങളുടെ വർഗീയ അജണ്ട ശക്തിപ്പെടുത്തുന്നതിനുള്ള ഇടപെടൽ താഴെ തട്ടിൽ തന്നെ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. സംഘപരിവാറിന്റെ ന്യൂനപക്ഷവിരുദ്ധ നയം ന്യൂനപ ക്ഷങ്ങളിൽ ആശങ്ക ഉണ്ടാക്കിയിട്ടുണ്ട്. ഇത്തരം സാഹചര്യത്തെ ഉപയോഗപ്പെടുത്തി ന്യൂനപക്ഷ തീവ്രവാദ സംഘടനകളും അവരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന സ്ഥിതിയാണ് ഉണ്ടായി ക്കൊണ്ടിരിക്കുന്നത്. ഇത്തരം ശക്തികളെ നേരിടുന്നതിന് പകരം ഇവർ ഉൾപ്പെടുന്ന കേസുകൾ പോലും പിൻവലിക്കുന്നതിന് യു.ഡി.എഫ് സർക്കാർ തയ്യാറായി. ആർ.എസ്.എസ് നേതൃത്വത്തിൽ ഘർ വാപസി എന്ന പേരിലുള്ള നിർബന്ധിത മതപരിവർത്തനം സംസ്ഥാനത്ത് വിവിധ ഇടങ്ങളിൽ നടന്നിട്ടുണ്ട്. ഒരു കേസ് പോലും രജിസ്റ്റർ ചെയ്യാൻ യു.ഡി.എഫ് സർക്കാർ തയ്യാറായില്ല. സംഘടി തമായ കുറ്റകൃത്യങ്ങളെ സർക്കാർ കണ്ടില്ലെന്നു നടിക്കുന്നത് ആർ.എസ്.എസും സർക്കാരും തമ്മി ലുള്ള ധാരണയുടെ ഭാഗമാണ്. വർഗീയ ശക്തികളുമായുള്ള ഇത്തരം സമരസപ്പെടൽ കേരള ത്തിൽ വർഗീയ ധ്രുവീകരണത്തിന് പശ്ചാത്തലമൊരുക്കുന്നുണ്ട്.

**യു.ഡി.എഫിനകത്തെ തർക്കം**

യു.ഡി.എഫിനകത്ത് പല രൂപത്തിൽ തർക്കങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിക്കെതിരായി കോൺഗ്രസിനകത്ത് തന്നെ തർക്കങ്ങൾ ഉണ്ടാകുന്നുണ്ട്. മുസ്ലീംലീഗിനകത്തുള്ള തർക്കങ്ങൾ രാജ്യസഭാ സ്ഥാനാർത്ഥി നിർണ്ണയവുമായി ബന്ധപ്പെട്ട് പരസ്യമായി പുറത്ത് വരികയും ചെയ്തു. കേരള കോൺഗ്രസിനകത്ത് പി.സി.ജോർജ്ജുമായി ഉണ്ടായ തർക്കം ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള താണ്. ചീഫ് വിപ്പ് സ്ഥാനത്ത് നിന്നുതന്നെ പി.സി.ജോർജ്ജിനെ ഒഴിവാക്കുന്ന തീരുമാനവും ഉണ്ടായി. ഘടകകക്ഷികൾ തമ്മിലുള്ള തർക്കത്തെത്തുടർന്ന് പ്രഖ്യാപിച്ച ജാഥ പോലും കൃത്യസമയത്ത് നടത്താൻ കഴിയാതെ വന്നിരിക്കുന്നു.

യു.ഡി.എഫിന്റെ തെറ്റായ നയങ്ങളെ എതിർക്കാൻ ചില ഘടകകക്ഷികൾക്കിടയിൽ സമ്മർദ്ദം ശക്തമാണ്. എന്നാൽ നേതൃത്വത്തെ പലവിധ പ്രലോഭനത്തിൽ കുടുക്കികൊണ്ട് തങ്ങളുടെ കൂടെ നിർത്തുന്നതിനുള്ള നിലപാടാണ് യു.ഡി.എഫ് സ്വീകരിക്കുന്നത്. അതോടൊപ്പം തന്നെ എല്ലാതരത്തിലുള്ള അഴിമതി നടത്തുന്നതിനും കൂട്ടുപങ്കാളിയാക്കി കൂടെ നിർത്തുകയാണ് ചെയ്യുന്നത്. ഇത്തരം നിലപാടുകൾക്കെതിരെ യു.ഡി.എഫ് അണികൾക്കിടയിൽ ഉയർന്നുവരുന്ന പ്രതിഷേധം വരുംനാളുകളിൽ കൂടുതൽ ശക്തിപ്പെടും. എന്നാൽ, സമ്പന്നവിഭാഗം പൊതുവിൽ യു.ഡി.എഫിന്റെ കൂടെ നിന്ന് പരമാവധി ആനുകൂല്യങ്ങൾ നേടിയെടുക്കാനാണ് ഈ സാഹചര്യം ഉപയോഗിക്കുന്നത്.

**പോരാട്ടം ശക്തിപ്പെടുത്തുക**

ജനവിരുദ്ധ നയങ്ങൾ ശക്തമാവുകയും ജാതി–മത സംഘടനകളും സമ്പന്ന വിഭാഗങ്ങളും മാധ്യമങ്ങളിലെ ഒരു വിഭാഗവും യു.ഡി.എഫിനെ പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ട്. ഈ അവസരത്തിൽ ജനവിരുദ്ധ രാഷ്ട്രീയ ശക്തികളെ നേരിടുന്നതിന് വേണ്ടി ഫലപ്രദമായ രാഷ്ട്രീയ സംഘടനാ പ്രവർത്തനം ശക്തിപ്പെടുത്തും. വിവിധ മേഖലയിൽ ജനകീയ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ടുള്ള വർഗ സമരങ്ങളും ബഹുജന സമരങ്ങളും ശക്തിപ്പെടുത്തും. എൽ.ഡി.എഫിന്റെ ബഹുജന അടിത്തറ വിപുലീകരിക്കത്തക്കവിധം വ്യത്യസ്ത ജനവിഭാഗത്തിൽ പെട്ടവരുടെ ആവശ്യങ്ങൾ ഏറ്റെടുത്തുകൊണ്ടുള്ള പ്രക്ഷോഭങ്ങൾ ഉയർത്തികൊണ്ട് വരും. കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ, ശുചിത്വ ക്യാമ്പയിൻ, പാലിയേറ്റീവ് കെയർ പ്രവർത്തനം തുടങ്ങിയവയും ഫലപ്രദമായി നടത്താൻ പാർടി ഘടകങ്ങൾ മുൻകൈയെടുക്കും. ഇതിന്റെ ഭാഗമായുള്ള മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്ക് മെയ് 24–ാം തീയതി എല്ലാ പാർടി മെമ്പർമാരും ബഹുജനസംഘടനാ പ്രവർത്തകരും അണിചേരും. ജലസമൃദ്ധിക്കായുള്ള മഴക്കുഴി നിർമ്മാണം ഫലപ്രദമായി പാർടി ഘടകങ്ങൾ ഏറ്റെടുക്കും. പ്രാദേശികമായി ഉയർന്നുവരുന്ന പ്രശ്നങ്ങളിലും ഇടപെടും. എൽ.ഡി.എഫിന്റെ രാഷ്ട്രീയ ബഹുജനാടിത്തറ വിപുലീകരിക്കുന്നതിന് സഹായിക്കുന്ന വിധം തുടർപ്രവർത്തനം നടത്തും.

* * *